# വി. വി. എസ്. ഡി. യു. പി. സ്കൂൾ

പാതിരപ്പള്ളി – 688521, ഫോൺ: 0477 – 2259007

# കനവ്



# അക്കാദമിക മാസ്റ്റർ പ്ലാൻ

# അക്കാദമിക മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | വി.വി.എസ്.ഡി.യു.പി. സ്കൂൾ |
| വിലാസം | : | സൗത്ത് ആര്യാട്, പാതിരപ്പള്ളി<br>പാതിരപ്പള്ളി, പി.ഒ. ആലപ്പുഴ |
| ഫോൺ | : | 0477-2259007 |
| സ്കൂൾ കോഡ് | : | 35240 |
| വിദ്യാഭ്യാസ ജില്ല | : | ആലപ്പുഴ |
| വിദ്യാഭ്യാസ ഉപജില്ല | : | ആലപ്പുഴ |
| റവന്യൂ ജില്ല | : | ആലപ്പുഴ |
| ബി.ആർ.സി | : | ആലപ്പുഴ |
| സി.ആർ.സി | : | ആലപ്പുഴ |
| ഗ്രാമപഞ്ചായത്ത് | : | മാരാരിക്കുളം തെക്ക് |
| ബ്ലോക്ക് പഞ്ചായത്ത് | : | കലവൂർ |
| ജില്ലാ പഞ്ചായത്ത് | : | ആലപ്പുഴ |
| നിയമസഭാമണ്ഡലം | : | ആലപ്പുഴ |
| ലോകസഭാമണ്ഡലം | : | ആലപ്പുഴ |
| താലൂക്ക് | : | അമ്പലപ്പുഴ |
| വില്ലേജ് | : | പാതിരപ്പള്ളി |
| ഇ.മെയിൽ | : | vvsdup@gmail.com |
| വെബ്സൈറ്റ് | : | |
| സ്കൂൾ വിക്കി | : | Alappuzha (Revenue District) Alappuzha<br>(Edt. District)<br>V.V.S.D. U.P. School, South Aryad. |

## I. ആമുഖം :

മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിലെ പാതിരപ്പള്ളി വില്ലേജിലാണ് ഞങ്ങളുടെ സ്കൂൾ സ്ഥിതി ചെയ്യുന്നത്. അന്നത്തെ നാട്ടുരാജ്യമായിരുന്ന തിരുവിതാംകൂറിൽ ഉൾപ്പെട്ടതാണ് ഈ വിദ്യാലയം. ൭൭ വർഷത്തെ പഴക്കമുള്ള ഈ വിദ്യാലയം ഇന്നും വിജയത്തിന്റെ പാതയിൽ മുന്നേറിക്കൊണ്ടിരിക്കുന്നു. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ചുവടുപിടിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തും തികച്ചും സാധാരണക്കാരായ കർഷകതൊഴിലാളികളുടെയും കയർ ഫാക്ടറി തൊഴിലാളികളുടെയും കുട്ടികളായ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ളതും സൗജന്യവുമായ വിദ്യാഭ്യാസം പകർന്നുനൽകിക്കൊണ്ടും പ്രവർത്തിക്കുന്ന ഈ വിദ്യാലയം പ്രസിദ്ധമായ ഉദയാ സ്റ്റുഡിയോയ്ക്കു സമീപമാണ് നിലകൊള്ളുന്നത്. എല്ലാ പഠിതാക്കളും മികവിന്റെ ഉടമകൾ ആകണമെന്നും നമ്മുടെ വിദ്യാലയം മികവിന്റെ കേന്ദ്രമാകണമെന്നും ലക്ഷ്യമിട്ടുകൊണ്ടാണ് വരുന്ന പത്തു വർഷങ്ങളിലെ മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. അർപ്പണമനോഭാവത്തോടെ ഒത്തൊരുമിച്ചു പ്രവർത്തിക്കുന്ന അധ്യാപകരും മാനേജ്മെന്റും രക്ഷാകർത്തൃസമിതിയും ഈ ലക്ഷ്യം നേടുന്നതിന് സഹായകമാകും എന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. സാർവ്വത്രിക വിദ്യാലയ പ്രവേശനം, പ്രവേശനം നേടിയ കുട്ടികളെ നിലനിർത്തുക, ഓരോ ക്ലാസ്സിലും പഠനനേട്ടം ഉറപ്പാക്കാൻ സഹായകമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്നിവ മുന്നിൽ കണ്ടാണ് പ്രവർത്തനങ്ങൾ എല്ലാം ആസൂത്രണം ചെയ്തിരിക്കുന്നത്.

## ലക്ഷ്യങ്ങൾ

എല്ലാ പഠിതാക്കളും മികവിന്റെ ഉടമകൾ, എല്ലാ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങൾ എന്ന ദേശീയവിദ്യാഭ്യാസ നയത്തിന്റെ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് താഴെപ്പറയുന്ന ലക്ഷ്യങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നത്.

- കുട്ടികൾക്ക് സാർവ്വത്രിക വിദ്യാലയ പ്രവേശനം നൽകുക.
- കുട്ടികളുടെ കൊഴിഞ്ഞുപോക്കില്ല എന്ന് ഉറപ്പാക്കുക.
- സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും കുട്ടികളെ പങ്കാളികളാക്കുക.
- പാഠ്യപാഠ്യേതര വിഷയങ്ങളിൽ കുട്ടികൾക്ക് പങ്കെടുക്കാൻ കൂടുതൽ അവസരങ്ങൾ ഒരുക്കുക.
- കുട്ടികൾക്ക് സുരക്ഷ ഉറപ്പുവരുത്തുക.
- കുട്ടികൾക്ക് ലിംഗനീതി ഉറപ്പുവരുത്തുക.
- കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.
- സ്കൂളിൽ നിന്നും ലഭിക്കുന്ന വിദ്യാഭ്യാസത്തിന്റെ ഗുണതയിൽ തുല്യത ഉറപ്പാക്കുക.
- എല്ലാ കുട്ടികൾക്കും മാതൃഭാഷ തെറ്റുകൂടാതെ എഴുതുന്നതിനും വായിക്കുന്നതിനും ഉള്ള

പ്രവർത്തനങ്ങൾ ക്ലാസ്സ്മുറിയിൽ ഒരുക്കുക.

കുട്ടികളുടെ സർഗ്ഗവാസനകളുടെ പ്രോത്സാഹനത്തിനായി വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക.

ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനായി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ ഇംഗ്ലീഷ് ക്ലബ്ബിന്റെ സഹകരണത്തോടെ ചെയ്യുക.

ഗണിത വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്കായി പ്രത്യേകം ക്ലാസ്സുകൾ നൽകുക.

- സാമൂഹ്യശാസ്ത്രം കൂടുതൽ രസപ്രദമാക്കാൻ ഐസിടി സാധ്യത കൂടുതൽ ഉപയോഗിക്കുക.
- സയൻസിൽ എല്ലാ കുട്ടികളും പരീക്ഷണങ്ങളിൽ ഏർപ്പെടാൻ അവസരം ഒരുക്കുക.
- സയൻസിൽ മിടുക്കരായ കുട്ടികളെ കണ്ടെത്തി അവരുടെ ഗവേഷണ പ്രവർത്തനങ്ങൾ ഉൽപന്നങ്ങൾ എന്നിവ അവതരിപ്പിക്കാൻ ലിറ്റിൽ സയന്റിസ്റ്റ് - ആഴ്ചയിൽ ഒരു ദിവസം അരമണിക്കൂർ നൽകുക.
- ഹിന്ദി ഭാഷയിൽ കുട്ടികൾക്ക് കൂടുതൽ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിക്കുക.
- കലാവേളകളിൽ കുട്ടികളെ പരിശീലിപ്പിക്കാൻ ഒരു അധ്യാപകനെ നിയമിക്കുക.
- കായിക പരിശീലനത്തിന് കായികാധ്യാപകന്റെ സേവനം ഉറപ്പുവരുത്തുക.
- പ്രവർത്തി പരിചയമേളയിൽ കൂടുതൽ പരിശീലനം കുട്ടികൾക്ക് നൽകുക.
- ടാലന്റ് ലാബുകൾ സ്ഥാപിക്കുക.
- ഐ.സി.ടി. പരിശീലനം കാര്യക്ഷമമാക്കുവാൻ സ്മാർട്ട് ക്ലാസ് റൂം ഒരുക്കുക.
- എല്ലാ കുട്ടികൾക്കും കുടിക്കാൻ ശുദ്ധജലം ക്ലാസ് മുറികളിൽ ലഭ്യമാക്കുക.
- എല്ലാ കുട്ടികൾക്കും കുടിക്കാൻ ശുദ്ധജലം ക്ലാസ് മുറികളിൽ ലഭ്യമാക്കുക.
- പരിസരം തന്നെ പാഠപുസ്തകം എന്ന ലക്ഷ്യത്തോടെ എന്ന ലക്ഷ്യത്തോടെ ജൈവവൈവിധ്യ പാർക്ക് ഒരുക്കുക.
- എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ്റൂം ആക്കുക.
- നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കുന്ന ക്ലാസ് മുറികൾ സജ്ജീകരിക്കുക.
- സയൻസ് ലാബ് നവീകരിക്കുക.
- എല്ലാക്ലാസ് മുറികളിലും ക്ലാസ് റൂം ലൈബ്രറി വിപുലീകരിക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി പരിശീലനം നൽകുക. അവർക്കു പങ്കാളിത്തം നൽകുന്ന രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- മേൽപറഞ്ഞ ലക്ഷ്യങ്ങൾ നേടണമെങ്കിൽ ക്ലാസ്മുറികൾ സുസജ്ജമാക്കേണ്ടതുണ്ട്. ഹൈവേ വികസനം വരുമ്പോൾ പൊളിച്ചുമാറ്റി വയ്ക്കേണ്ട ക്ലാസ്മുറികൾക്കുള്ള പ്രവർത്തനം കാര്യക്ഷമമായും സമയബന്ധിതമായും ചെയ്തുതീർക്കുക.

## I. വിദ്യാലയ ചരിത്രം

1928ൽ ശ്രീ കുഞ്ഞൻ ഗോവിന്ദൻ സ്ഥാപിച്ച ഈ വിദ്യാലയം ആ കാലഘട്ടത്തിൽ പാ...ിരപ്പള്ളി ഗ്രാമത്തിൽ ഉണ്ടായിരുന്ന ഏക ഇംഗ്ലീഷ് വിദ്യാലയമായിരുന്നു. അതുകൊണ്ടുതന്നെ ...ഈ സരസ്വതീക്ഷേത്രം അന്ന് ഇംഗ്ലീഷ് സ്കൂൾ എന്നാണ് അറിയപ്പെട്ടിരുന്നത്. പഴമക്കാർ ഇ...ന്നും ഇംഗ്ലീഷ് സ്കൂൾ എന്നു വിളിക്കാനാഗ്രഹിക്കുന്ന വി.വി.എസ്.ഡി. യു.പി. സ്കൂളിന്റെ ...ൂർണ്ണമായ പേര് വളഞ്ഞവഴിക്കൽ സന്മാർഗ്ഗദീപിക അപ്പർ പ്രൈമറി സ്കൂൾ എന്നാണ്. തു...ക്കകാലത്ത് ഈ സ്കൂളിന്റെ മാനേജ്മെന്റിന്റെ കീഴിൽ ഒരു ലോവർ പ്രൈമറി സ്കൂൾകൂടി ...പവർത്തിച്ചിരുന്നു. എന്നാൽ പിന്നീട് ഈ സ്കൂൾ സർക്കാർ ഏറ്റെടുക്കുകയായിരുന്നു. ...ന്നും വി.വി.എസ്.ഡി. എൽ.പി സ്കൂൾ നമ്മുടെ വിദ്യാലയത്തിന്റെ ഫീഡിങ്ങ് സ്കൂളായി ...ിലകൊള്ളുന്നു. പ്രിപ്പേറട്ടറി ക്ലാസ്സുമുതൽ നമ്മുടെ സ്കൂളിൽ ഇംഗ്ലീഷ് പഠനം ആരംഭിച്ചി...ുന്നു. ഇതിനെ നാലര ക്ലാസ്സെന്നാണ് വിളിച്ചിരുന്നത്. 6 മാസം മാത്രമേ ആ ക്ലാസ്സിൽ പഠിക്കേ...ണ്ടിയിരുന്നുള്ളൂ.

ആദ്യകാലത്ത് ഓലമേഞ്ഞ കെട്ടിടങ്ങളായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ പിന്നീടത് ...ഓടുപാകി ഇന്നത്തെരീതിയിലാക്കി. പ്രമുഖ സാഹിത്യകാരനായ ശ്രീ. എം.കെ. സാനു ഞങ്ങ...ളുടെ സ്കൂളിലെ പൂർവ്വ അധ്യാപകനായിരുന്നു എന്നത് വളരെ അഭിമാനം നൽകുന്ന കാര്യ...മാണ്. ഈ സ്കൂളിലെ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ. പത്മനാഭനായിരുന്നു. ഇന്ന് സ്തുത്യർ...ഹമായ സാമൂഹ്യസേവനം നടത്തുന്ന ഡോക്ടർമാരായ ശ്രീമതി ബീന, ശ്രീമതി ബിന്ദു, ശ്രീ. ...അനിൽ, ശ്രീ. വിമൽ എന്നിവർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളായിരുന്നു എന്നുപറ...യുന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. പുതുതലമുറയിലും ഡോക്ടർമാരേയും എഞ്ചിനീയർ...മാരേയും സമൂഹത്തിന് സംഭാവന ചെയ്യാൻ ഈ സ്കൂളിന് കഴിയുന്നുണ്ട് എന്നത് അഭിമാനം നൽകുന്ന കാര്യമാണ്.

ശ്രീ. കെ.പത്മനാഭൻ, ശ്രീ. സി.എം. ബനവന്തൂർ, ശ്രീമതി ബി.സുമതി, ശ്രീ. കെ.വി.രാ...ജപ്പൻ, ശ്രീമതി ബി.സരസ്വതി, ശ്രീമതി റ്റി.ആർ. സുലഭ, ശ്രീമതി റോസമ്മ സെബാസ്റ്റ്യൻ, ...ശ്രീമതി ക്ലാരമ്മ മൈക്കിൾ, ശ്രീമതി വി.കെ. ശ്രീകല എന്നിവരായിരുന്നു ഈ സ്കൂളിന്റെ ...സാരഥികൾ. ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ് ശ്രീമതി സിന്ധുവാണ്.

ശ്രീ. എം. പത്മനാഭൻ ബി.എ., ശ്രീ. എം.ജി പ്രഭാകരൻ, ശ്രീ. പി. പ്രേമാനന്ദൻ എന്നിവ...രാണ് മാനേജർമാരായിട്ടുള്ളത്. ഇതിൽ ഇപ്പോഴത്തെ മാനേജർ ശ്രീ. പി. പ്രേമാനന്ദനാണ്.

## II. വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

1. പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ.
2. ശുചിത്വം, ദീനാനുകമ്പ എന്നീ മൂല്യങ്ങളും മനോഭാവങ്ങളും കുട്ടികളിൽ രൂപപ്പെടുന്നതിനുള്ള വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ.
3. പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയാന്തരീക്ഷം.
4. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയരുന്ന വിദ്യാലയം.
5. എല്ലാ കുട്ടികൾക്കും എല്ലാ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട പഠനനേട്ടങ്ങൾ, ശേഷികൾ എന്നിവ നേടി എന്ന് ഉറപ്പാക്കൽ.
6. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് ഭൂമിയെ വാസയോ

ഗ്യമായ രീതിയിൽ കൈമാറേണ്ടതുണ്ട് എന്ന അവബോധത്തോടെ പരിസ്ഥിതിയെ മാലിന്യവിമുക്തമാക്കുവാനും സംരക്ഷിക്കുവാനും കുട്ടിയെ പ്രാപ്തനാക്കുക.

## IV.നിലവിലെ അവസ്ഥാവിശകലനം

ഭൗതികം : ആകെ 14 ക്ലാസ്മുറികൾ ഉള്ളതിൽ ഒന്ന് ഓഫീസ് റൂം ആയും ഒന്ന് സ്റ്റാഫ് റൂം ആയും ഒന്ന് കമ്പ്യൂട്ടർ റൂം ആയും ഉപയോഗിക്കുന്നു. കുട്ടികളുടെ എണ്ണത്തിന് അനുപാതികമായി ബാത്ത് റൂം ഉണ്ടെങ്കിലും നവീകരിക്കേണ്ടതുണ്ട്. എന്നാൽ ഹൈവേ വികസനത്തിന്റെ ഭാഗമായി സ്കൂൾ പൊളിച്ചുമാറ്റി വയ്ക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ഇപ്പോൾ ഹൈവേയിൽ നിന്നും ദൂരെ മാറി സ്ഥിതിചെയ്യുന്ന രണ്ട് കോൺക്രീറ്റ് ബിൽഡിങ്ങുകൾ ഉണ്ട്. ഇതിനോട് ചേർന്ന് ബാക്കി കെട്ടിടങ്ങൾ പണിയാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 9 ക്ലാസ്സ് ഡിവിഷനുകളിലായി 277 കുട്ടികൾ V, VI, VII ക്ലാസ്സുകളിൽ പഠിക്കുന്നു. 167 ആൺകുട്ടികളും 110 പെൺകുട്ടികളുമാണുള്ളത്. വിശാലമായ ഒരു കളിസ്ഥലം സ്കൂളിനുണ്ട്. അത് നവീകരണത്തിന്റെ ഭാഗമായി പൂഴിയിട്ട് നന്നാക്കേണ്ടതുണ്ട്. നല്ലൊരു കൃഷിത്തോട്ടവും, പൂന്തോട്ടവും, ഔഷധത്തോട്ടവും പലതരം മരങ്ങളും ഫലവൃക്ഷങ്ങളും ഉള്ള ഒരു ഉദ്യാനമുണ്ട്. അത് ഒരു ജൈവ വൈവിധ്യപാർക്കായി മാറ്റേണ്ടതുണ്ട്. ഭാഗികമായ മുളവേലി ഉണ്ടെങ്കിലും മുഴുവനായി വേലി, നടപ്പാതകൾ, ആമ്പൽക്കുളം എന്നിവകൂടി ഇവയിൽ ചേരേണ്ടതുണ്ട്. സ്കൂളിൽ ഒരു സ്മാർട് ക്ലാസ് റൂം ഇല്ല. ഈ സാഹചര്യത്തിൽ പി.ഡി. അക്കൗണ്ട് ഉപയോഗിച്ച് ഒരു സ്മാർട് ക്ലാസ് റൂം നിർമ്മിക്കുന്നതിനുള്ള ഭൗതിക സാഹചര്യം ഒരുക്കിക്കൊണ്ടിരിക്കുകയാണ്. പണി പൂർത്തീകരിച്ചുകഴിയുമ്പോൾ എം.എൽ.എ ഫണ്ടിൽനിന്നും സ്മാർട് ക്ലാസ് റൂമിനാവശ്യമായ കമ്പ്യൂട്ടറുകളും, എൽ.സി.ഡി പ്രൊജക്ടർ എന്നിവ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പരിമിതികൾ**

- ഓഫീസ് റൂം, സ്റ്റാഫ്റൂം, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ലാബുകൾ ഇവ നവീകരിക്കേണ്ടതുണ്ട്.
- ശുദ്ധജല സംവിധാനം വിപുലീകരിക്കണം
- ഹൈവേ വികസനത്തോടെ 12 ക്ലാസ്സ് മുറികളും നിർമ്മിക്കേണ്ടിവരും
- ചുറ്റുമതിൽ നിർമ്മിക്കണം
- ഒരു ചാരിറ്റബിൾവർക്ക് എന്ന നിലയിൽ വിദേശ സംഘം ഒരു പാചകപ്പുര നിർമ്മിച്ചു നൽകിയെങ്കിലും സ്റ്റോർമുറി പുതുക്കിപ്പണിയേണ്ടതുണ്ട്. വാട്ടർടാങ്കും നവീകരിക്കേണ്ടിയിരിക്കുന്നു.
- മഴവെള്ളസംഭരണി പ്രവർത്തനക്ഷമമാക്കണം

**അക്കാദമികം**

277 കുട്ടികൾ പഠിക്കുന്ന 5 മുതൽ 7 വരെ സ്റ്റാൻഡേർഡുകളുള്ള ഞങ്ങളുടെ വിദ്യാലയത്തിൽ 9 ഡിവിഷനുകളുണ്ട്. ഇതിൽ ഓരോ ക്ലാസ്സിലും രണ്ടുവീതം ഇംഗ്ലീഷ് മീഡിയവും ഓരോ മലയാളം മീഡിയവും ക്ലാസ്സുകൾ ആണ് ഉള്ളത്. സയൻസ് ഫെയർ, സാമൂഹ്യശാ

സ്ത്രമേള, പ്രവർത്തിപരിചയമേള, ഗണിതമേള എന്നിവയിൽ പങ്കെടുത്ത് സബ്ജില്ലാ തലത്തിൽ ഈ വിദ്യാലയത്തിലെ കുട്ടികൾ അഭിമാനകരമായ വിജയം നേടി ജില്ലാതലത്തിൽ പങ്കെടുത്തു. പ്രവർത്തിപരിചയ മേളയിൽ സംസ്ഥാനതലംവരെ മത്സരിക്കാൻ സാധിച്ചു. മത്സരപ്പരീക്ഷകളിലും, ക്വിസ്സുകളിലും ഇവിടുത്തെ കുട്ടികൾ മികവു തെളിയിച്ചിട്ടുണ്ട്.

ഇങ്ങനെയൊക്കെയാണെങ്കിലും കഴിഞ്ഞ മൂന്നു വർഷങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം വിലയിരുത്തുമ്പോൾ ഓരോ വർഷവും 5,8 കുട്ടികളുടെ കുറവ് കാണാൻ സാധിക്കുന്നു. ഇത് ഒരു പോരായ്മതന്നെയാണ്. (അനുബന്ധം 1,2,3) വരുംവർഷങ്ങളിൽ ഈ പോരായ്മ പരിഹരിക്കേണ്ടതുണ്ട്. കലാരംഗത്ത് നമ്മുടെ കുട്ടികൾ മികച്ച പ്രകടനം കാഴ്ചവെച്ച് ജില്ലാതലം വരെ മത്സരിച്ചു. വ്യത്യസ്തമായ പ്രവർത്തനങ്ങൾ ഞങ്ങൾ കുട്ടികൾക്കായി ഒരുക്കുന്നു.

## സാമൂഹികം

തദ്ദേശ സ്വയംഭരണ സ്ഥാപനമായ മാരാരിക്കുളം തെക്കു പഞ്ചായത്തിന്റെ "മാനസ" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അക്ഷരം പഠിപ്പിക്കുന്നതിന് ഒരു അധ്യാപികയുടെ സേവനം ലഭ്യമാകുന്നുണ്ട് 9 രക്ഷിതാക്കളും 7 അധ്യാപകരും ഉൾപ്പെട്ട ഒരു PTA 18 രക്ഷിതാക്കൾ ഉൾപ്പെട്ട MPTA, 5 പേർ ഉള്ള SSG എന്നീ സമിതികൾ സജീവമായും സമയോചിതമായും സഹായ സഹകരണങ്ങൾ നൽകുകയും ചെയ്യുന്നു. ഏതാനും പൂർവ്വ വിദ്യാർത്ഥികളും പൂർവ്വ അധ്യാപകരും സ്കൂളിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായ സഹകരണങ്ങൾ നൽകുന്നുണ്ട് ഹൈവേ ക്രോസു ചെയ്യിക്കുന്നതിന് ട്രാഫിക് പോലീസിന്റെ സേവനം ലഭിക്കുന്നുണ്ട്

ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽനിന്നും (ചെട്ടികാട് PHC) ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും സ്കൂളിൽ എത്തി കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധിക്കുകയും അയൺഗുളിക, വിരഗുളിക എന്നിവ നൽകുകയും പ്രതിരോധ കുത്തിവയ്പുകളും മരുന്നുകളും നൽകുകയും ചെയ്യുന്നുണ്ട്

## V. പ്രശ്നങ്ങൾ വെല്ലുവിളികൾ

നല്ലൊരു വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കണമെങ്കിൽ ഭൗതിക സാഹചര്യങ്ങളും നന്നായിരിക്കണം പഴക്കമേറിയ കെട്ടിടങ്ങൾ ഹൈവേ വികസനം വരുമ്പോൾ പൊളിച്ചുമാറ്റേണ്ടതിനാൽ കെട്ടിടങ്ങളുടെ നവീകരണം സാധ്യമാകുന്നില്ല.

**അക്കാദമിക പ്രശ്നങ്ങൾ വെല്ലുവിളികൾ**

- ലാബുകൾ, റീഡിംഗ് റൂം എന്നിവയുടെ അഭാവം
- കുട്ടികളുടെ ആവശ്യത്തിനനുസരിച്ച് കമ്പ്യൂട്ടറുകൾ ലഭ്യമാകുന്നില്ല
- നിലവിൽ സ്മാർട് ക്ലാസ്സ് റൂം ഇല്ല
- കലാകായിക പ്രവർത്തി പഠനത്തിന് അധ്യാപകരെ നിയമിക്കാൻ സർക്കാരിൽ നിന്ന് സഹായം ലഭ്യമാകുന്നില്ല

**സാമൂഹിക പ്രശ്നങ്ങൾ വെല്ലുവിളികൾ**

- പി.ടി.എ., സി.പി.ടി.എ എന്നിവയിൽ മുഴുവൻ രക്ഷിതാക്കളുടെയും പങ്കാളിത്തം ഉണ്ടാകുന്നില്ല
- സർക്കാർ സ്കൂളുകൾക്ക് ലഭ്യമാകുന്നതുപോലെ എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് പ

ഞ്ചായത്തിൽ നിന്നുള്ള സഹായം ലഭ്യമാകുന്നില്ല

## VI. പദ്ധതിരൂപീകരണ പ്രക്രിയ-വിവിധ ഘട്ടങ്ങൾ

- ആലപ്പുഴ നിയോജകമണ്ഡലം എം.എൽ.എ.യും സംസ്ഥാന ധനവകുപ്പ് മന്ത്രിയുമായ ഡോ.ടി.എം. തോമസ് ഐസക്കിന്റെയും ബഹു. വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി.രവീന്ദ്രനാഥിന്റെയും നേതൃത്വത്തിൽ കലവൂർ ഗവ. ഹൈസ്കൂളിൽ സമഗ്ര വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറേണ്ടതിന്റെയും പൊതുവിദ്യാഭ്യാസ ശാസ്ത്രീകരണത്തിന്റെയും ആവശ്യകത ഈ ശിൽപശാലയിൽനിന്ന് ബോധ്യപ്പെട്ടു.
- മാസ്റ്റർ പ്ലാൻ രൂപീകരണ ശിൽപശാല ആദ്യം ആലപ്പുഴ എസ്.ഡി.വി. സെന്റിനറി ഹാളിലും പിന്നീട് കളർകോട് എൽ.പി.എസിലും, എം.ഇ.സിയിലും ഇതേക്കുറിച്ച് ഗഹനമായ ചർച്ചകൾ നടത്തുകയും ഏകദേശ ധാരണ കൈവരിക്കുകയും ചെയ്തു.
- മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ ഏകദിന സെമിനാർ നടത്തുകയും കെ.എം.സി.ടി എൻജിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ സ്കൂൾ സന്ദർശിച്ച് ഭൗതിക സാഹചര്യ വികസനത്തിന് ആവശ്യമായ രൂപരേഖാ നിർമ്മാണത്തിൽ സഹായിക്കുകയും ചെയ്തു.
- സ്കൂൾ പി.ടി.എ, മദർ പി.ടി.എ സ്കൂൾ വികസനസമിതി എന്നിവ വിളിച്ചുകൂട്ടുകയും സമഗ്ര വിദ്യാലയ വികസന പദ്ധതിയെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തു.
- ക്ലാസ്സ് പി.ടി.എകൾ വിളിച്ചുകൂട്ടി ഭൗതിക സാഹചര്യങ്ങളുടെ വികസനത്തെക്കുറിച്ചും അക്കാദമിക മാറ്റങ്ങളെക്കുറിച്ചും ചർച്ചകൾ നടത്തി ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളെ ക്രോഡീകരിച്ചു.
- ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ചിട്ടപ്പെടുത്തി
- നടപ്പുവർഷം നടക്കേണ്ട അക്കാദമിക ഭൗതിക വികസനങ്ങൾ ക്രോഡീകരിച്ചു

## VII. വിഷയമേഖല - പ്രവർത്തനങ്ങൾ

- ഹ്രസ്വകാല ലക്ഷ്യങ്ങൾ, അക്കാദമിക പ്രവർത്തനങ്ങൾ

### മലയാളം

പേര് : രചനാശില്പശാല

മേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാ സാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്, കവിയരങ്ങ് രൂപപ്പെടുന്ന ഉത്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, ക്ലാസ്സ്മുറിയിലെ പഠനസാമഗ്രിയിൽ മേൽപ്പറഞ്ഞ ഉത്പന്നങ്ങളെ ഉപയോഗിക്കൽ | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | 2 മാസത്തിൽ ഒരു പ്രാവശ്യം വിദ്യാരംഗം കലാസാഹിത്യവേദി | 5000/- സ്പോൺസർഷിപ്പ് |

പേര് : ബ്ലോഗ് നിറയ്ക്കൽ യജ്ഞം

ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | വർഷം മുഴുവനും | ഭാഷാധ്യാപകർ | |

പേര് : സർഗസല്ലാപം

ഉപമേഖല : ഭാഷാവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കാൻ അവരുടെ വായന, എഴുത്ത്, അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ, പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ട് പ്രാവശ്യം | എച്ച്.എം. & പി.ടി.എ. | 2000/- സ്പോൺസർഷിപ്പ് |

പേര് : കുട്ടീസ് റേഡിയോ

ഉപമേഖല : ഭാഷയുടെ പ്രകടനപരത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാ ക്ലാസ്സിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറിലേയ്ക്ക് ഒഴിവുസമയത്ത് റേഡിയോ പ്രക്ഷേപണം കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം, ഔദ്യോഗിക അറിയിപ്പുകൾ നൽകൽ | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ | എസ്. ആർ.ജി | 25000/- വ്യാവസായ ഗ്രൂപ്പ് സ്പോൺസർഷിപ്പ് |

പേര് : അഭിമുഖങ്ങൾ/സെമിനാറുകൾ

ഉപമേഖല : സർഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ, സാഹിത്യനായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഒ.എസ്.എ | 10000/- (ഒ.എസ്.എ.) |

പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ടു നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി. യിൽ രൂപപ്പെടുത്തണം, സംഘടിപ്പിക്കണം. | ആവശ്യാനുസരണം | എസ്. ആർ.ജി | |

# ENGLISH

പ്രവർത്തനം - 1

പേര് : സ്കൂൾ റേഡിയോ

ഉപമേഖല : **Listening Skill Creativity**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാവർക്കും പങ്കാളിത്തം. | കമ്പ്യൂട്ടർ ലാബ് റേഡിയോ സ്റ്റേഷനായി ഓരോ ക്ലാസ്സുകാരും യൂണിറ്റുമായി ബന്ധപ്പെട്ട ഭാഷാവ്യവഹാര രൂപങ്ങൾ സ്കൂൾ റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്യുന്നു. | ആഴ്ചയിൽ 1 പ്രാവശ്യം | ഇംഗ്ലീഷ് പഠിപ്പിക്കുന്ന അധ്യാപകർ | 5000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം - 2

പേര് : **Games Club**

ഉപമേഖല : ഇംഗ്ലീഷിൽ ആശയവിനിമയ ശേഷി ഉണ്ടാക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാവർക്കും പങ്കാളിത്തം | ഓരോ ക്ലാസ്സിലും ഫിസിക്കൽ എജ്യൂക്കേഷൻ പിരീഡിൽ ഇംഗ്ലീഷിൽ നിർദ്ദേശങ്ങൾ നൽകികൊണ്ട് വിവിധതരം കളികളിൽ പങ്കെടുപ്പിക്കുക. അധ്യാപകർ ആദ്യം നൽകുന്ന നിർദേശങ്ങൾ മനസിലാക്കിയതിനു ശേഷം കുട്ടികൾ തന്നെ പരസ്പരം പറഞ്ഞുകൊണ്ടു കളികളിൽ ഏർപ്പെടുക | ആഴ്ചയിൽ 3 പ്രാവശ്യം | ഇംഗ്ലീഷ് ക്ലബ്ബ് കൺവീനറും ഇംഗ്ലീഷ് പഠിപ്പിക്കുന്ന അധ്യാപകരും | 5000/- |

പ്രവർത്തനം - 3

പേര് : **Grammer Corner**

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതിവർഷം 14 ക്ലാസ്സുകൾ | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം - 4

പേര് : ലോക പോസ്റ്റൽ ദിന കത്തെഴുത്ത് മത്സരം

ഉപമേഖല : ഭാഷാശേഷി കൈവരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കത്തെഴുത്ത് മത്സരം | ലോക തപാൽ ദിനത്തോടനുബന്ധിച്ച് കത്തെഴുത്ത് മത്സരം നടത്തുന്നു | വർഷത്തിൽ 2 പ്രാവശ്യം | ഇംഗ്ലീഷ് പഠിപ്പിക്കുന്ന അധ്യാപകർ | |

പ്രവർത്തനം - 5

പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഭാഷാശേഷി കൈവരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ 1 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ | ആഴ്ചയിൽ 1 ദിവസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 6

പേര് : English Fest

ഉപമേഖല : ഭാഷാശേഷി കൈവരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് കുട്ടികളെ എത്തിക്കുക | മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. കുട്ടികൾ തന്നെ പരിപാടികൾ അനൗൺസ് ചെയ്യുന്നു | വർഷത്തിൽ 2 പ്രാവശ്യം | ഇംഗ്ലീഷ് ക്ലബ്ബ്, പി.ടി.എ., എച്ച്.എം. | |

പ്രവർത്തനം - 7

പേര് : English Bulletin

ഉദ്ദേശം : സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചന കുട്ടികളിൽ വളർത്തുക | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ബുള്ളറ്റിൻ തയ്യാറാക്കൽ. Eg. World Earth Day, Readers Week, Onam | പ്രതിമാസം | എച്ച്.എം, ഇംഗ്ലീഷ് ക്ലബ്ബ് അംഗങ്ങൾ അധ്യാപകർ | |

പ്രവർത്തനം - 8

പേര് : Language Lab

ഉദ്ദേശം : ഭാഷാശേഷി വികസിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷാശേഷികൾ വികസിപ്പിക്കൽ | Story, Poem എന്നിവ കുട്ടികളെ Language Lab-ന്റെ സഹായത്തോടെ കേൾപ്പിക്കുക | ആഴ്ചയിലൊരിക്കൽ | ഇംഗ്ലീഷ് അധ്യാപകർ | |

ഹിന്ദി

പ്രവർത്തനം - 1

പേര് : ഹിന്ദി ക്ലബ്ബ്

ഉദ്ദേശം : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി ഭാഷാ [illegible] ശേഷികൾ വർദ്ധിപ്പിക്കൽ | വിദ്യാർത്ഥികൾക്ക്, ഒരു മുറി യിൽ Language Lab സജ്ജമാക്കൽ, ഹിന്ദിയിൽ വിവിധ പരിപാടികൾ തയ്യാറാക്കൽ | അധ്യയന വർഷാരംഭത്തിൽ | ഹിന്ദി ക്ലബ്ബ് | [illegible]/- ([illegible]) |

പ്രവർത്തനം - 2

പേര് : ഹിന്ദി ക്ലബ്ബ്

ഉപമേഖല : ഹിന്ദി ഭാഷാപ്രാവീണ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ രാഷ്ട്രഭാഷയായിലുള്ള പ്രാവീണ്യം, കലാസാഹിത്യം, സംഗീതം എന്നീ അഭിരുചികൾ മെച്ചപ്പെടുത്തുന്നു | സാഹിത്യ സംഗമം, കലാ പ്രാവീണ്യമുള്ള വ്യക്തികളുമായി സംവദിക്കാൻ അവസരം, നാടകീകരണം ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | മാസത്തിൽ ഒന്ന് വീതം | ഹിന്ദി ക്ലബ്ബ് | 500/- |

## സാമൂഹ്യ ശാസ്ത്രം

പ്രവർത്തനം - 1

പേര് : മോക്ക് പാർലമെന്റ്

ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക പ്രചരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | 5 എണ്ണം<br>1. കാലവർഷ സമ്മേളനം<br>2. തുലാവർഷ സമ്മേളനം<br>3. ഓണക്കാല സമ്മേളനം<br>4.വേനൽക്കാല സമ്മേളനം | എസ്. ആർ.ജി, സ്കൂൾ പാർലമെന്റ് | 1000/- |

പ്രവർത്തനം - 2

പേര് : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ

ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യ ശാസ്ത്ര കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 5000/- |

പ്രവർത്തനം - 3

പേര് : ബുള്ളറ്റിൻ ബോർഡ്

ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസവും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 1000/- (പി.ടി.എ.) |

## ശാസ്ത്രം

പ്രവർത്തനം - 1

പേര് : ശാസ്ത്രലാബ് നവീകരിക്കൽ

മേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനംതിരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ് തയ്യാറാക്കൽ, ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ലാബ് | |

പ്രവർത്തനം - 2

പേര് : ശാസ്ത്രയാത്രകൾ

മേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ്, പി.ടി.എ. | 15000/- (ഒ.എസ്.എ.) |

പ്രവർത്തനം - 3

പേര് : മേളകൾ

മേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 10000/- (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം - 4

പേര് : ശാസ്ത്രബുള്ളറ്റിൻ ബോർഡ്

മേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര അറിവുകളെ അപ്ഡേറ്റു ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും ശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട വാർത്തകൾ പ്രദർശിപ്പിക്കൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | സയൻസ് ക്ലബ്ബ് | 1000/- (പി.ടി.എ.) |

പ്രവർത്തനം - 5

പേര് : ശാസ്ത്ര ക്വിസ്, ഗവേഷണങ്ങൾ

മേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര അറിവുകൾ വർദ്ധിപ്പിക്കുന്നതിനും ഗവേഷണങ്ങളോട് താൽപര്യം വർദ്ധിപ്പിക്കുന്നതിനും | സ്കൂളിലെ ശാസ്ത്ര ക്വിസ് മത്സരങ്ങൾ, അധ്യാപകരുടെ സഹായത്തോടെ 5,6,7 ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ചെയ്യിപ്പിക്കൽ, ശാസ്ത്ര പതിപ്പു തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | സയൻസ് ക്ലബ്ബ് | 2000/- (പി.ടി.എ.) |

പ്രവർത്തനം - 6

പേര് : ശാസ്ത്ര പോഷണ പരിപാടി

മേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ 3 ക്ലാസ്സ് | സയൻസ് ക്ലബ്ബ് | 10000/- (എസ്.എസ്.ജി) |

Food Fest

## ഗണിതം

പ്രവർത്തനം - 1

പേര് : ഒറിഗാമി ശില്പശാല

ഉപമേഖല : ഗണിതശേഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷിയുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ | വർഷത്തിൽ 1 പ്രാവശ്യം | എസ്.ആർ.ജി | 1000/- |

പ്രവർത്തനം - 2

പേര് : ഗണിതപാർക്ക്

ഉപമേഖല : ഗണിതശേഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരതമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1000/- (പി.ടി.എ.) |

പ്രവർത്തനം - 3

പേര് : ഗണിതലാബ്

ഉപമേഖല : ഗണിതശേഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | ഗണിത ക്ലബ്ബ് | 5000/- |

പ്രവർത്തനം - 4

പേര് : ഗണിതം മധുരം

മേഖല : ഗണിതശേഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഗണിതം കൈകാര്യം ചെയ്യൽ | പ്രീ-ടെസ്റ്റിലൂടെ ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പരിഹാര ബോധന പ്രവർത്തനങ്ങൾ നടത്തുന്നു. | വർഷാദ്യം | ഗണിത ക്ലബ്ബ് | 500/- |

പ്രവർത്തനം - 5

പേര് : ഗണിതബുള്ളറ്റിൻ

മേഖല : ഗണിതശേഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിൽ സർഗാത്മക സൃഷ്ടികൾ നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | കുട്ടികളുടെ സൃഷ്ടികൾ ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കൽ | ഓരോ മാസവും | ഗണിത ക്ലബ്ബ് | 500/- |

പ്രവർത്തനം - 5

പേര് : ഗണിതക്വിസ്

മേഖല : ഗണിതശേഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിൽ താൽപ്പര്യവും അറിവും വർദ്ധിപ്പിക്കൽ | എല്ലാ ആഴ്ചയും ഗണിത ക്ലബ്ബ് ചേർന്ന് ക്വിസ് മത്സരം നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകുക | എല്ലാ ആഴ്ചയും | ഗണിത ക്ലബ്ബ് | 500/- |

പ്രവർത്തനം - 4

പേര് : ഗണിതം ലളിതം

ഉപമേഖല : ഗണിതശേഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഗണിതം കൈകാര്യം ചെയ്യൽ | പ്രീ-ടെസ്റ്റിലൂടെ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പരിഹാര ബോധന പ്രവർത്തനങ്ങൾ നടത്തുന്നു. | വർഷാദ്യം | ഗണിത ക്ലബ്ബ് | 500/- |

പ്രവർത്തനം - 5

പേര് : ഗണിതബുള്ളറ്റിൻ

ഉപമേഖല : ഗണിതശേഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിൽ സർഗാത്മക സൃഷ്ടികൾ നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | കുട്ടികളുടെ സൃഷ്ടികൾ ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കൽ | ഓരോ മാസവും | ഗണിത ക്ലബ്ബ് | 500/- |

പ്രവർത്തനം - 6

പേര് : ഗണിതക്വിസ്

ഉപമേഖല : ഗണിതശേഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിൽ താൽപ്പര്യവും അറിവും വർദ്ധിപ്പിക്കൽ | എല്ലാ ആഴ്ചയും ഗണിത ക്ലബ്ബ് ചേർന്ന് ക്വിസ് മത്സരം നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകുക | എല്ലാ ആഴ്ചയും | ഗണിത ക്ലബ്ബ് | 500/- |

- മധ്യകാല ലക്ഷ്യങ്ങൾ, ഭൗതിക പ്രവർത്തനങ്ങൾ

പ്രോജക്ട്

ഇപ്പോൾ നിലവിലുള്ള സൗകര്യങ്ങളും 10 വർഷത്തിൽ വരുന്നമാറ്റങ്ങളും മുന്നിൽ കണ്ടുകൊണ്ടാണ് ഈ പ്രോജക്ട് ചെയ്യുന്നത്. സ്കൂളിന്റെ സമഗ്രമായ വികസനം ലക്ഷ്യമിട്ട് ചെയ്യുന്ന ഈ പ്രോജക്ട് മൂന്ന് ഘട്ടങ്ങളായിട്ടാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. മാനേജ്മെന്റിന്റേയും അദ്ധ്യാപകരുടേയും പൂർവ്വവിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടേയും പൂർണ്ണസഹകരണം ഈ പ്രോജക്ടിന് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഒന്നാം ഘട്ടം

ഹൈവേ വികസനത്തിന്റെ ഭാഗമായി സ്കൂളിന്റെ എല്ലാ കെട്ടിടങ്ങളും പൊളിച്ചുമാറ്റേണ്ട സാഹചര്യത്തിൽ അടിയന്തിരമായി 14 ക്ലാസ്സ് മുറികളുടെ നിർമ്മാണമാണ് ചെയ്തുതീർക്കുവാനുള്ളത്. അതുകൊണ്ട്തന്നെ ഒന്നാംഘട്ടപ്രവർത്തനങ്ങളിൽ 14 ക്ലാസ്സ് മുറികൾക്കാവശ്യമായ കെട്ടിടങ്ങളും ടോയ്ലറ്റുകളും ചുറ്റുമതിലും പാചകപ്പുരയും നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ നിലവിൽ 2 ക്ലാസ്സ് മുറികൾ ഉള്ളതുകൊണ്ട് 12 ക്ലാസ്സ് മുറികളാണ് പുതിയതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

| ക്രമനമ്പർ | ഇനം | തുക |
|---|---|---|
| 1 | കെട്ടിടം വരാന്ത ഉൾപ്പെടെ (72 m x 8 m x 3.5 m) | 1 കോടി 8 ലക്ഷം |
| 2 | ചുറ്റുമതിലും ആകർഷകമായ പ്രവേശനകവാടവും (50 m x 2 m ) | 4 ലക്ഷം |
| ആകെ | 1 കോടി 12 ലക്ഷം | |

പ്രതീക്ഷിക്കുന്ന സ്രോതസ്സ്

| | |
|---|---|
| മാനേജ്മെന്റ് | 28 ലക്ഷം |
| അദ്ധ്യാപകർ | 2 ലക്ഷം |
| പൂർവ്വവിദ്യാർത്ഥികൾ | 2 ലക്ഷം |
| മുൻ അദ്ധ്യാപകർ | 1 ലക്ഷം |
| രക്ഷകർത്താക്കൾ | 5 ലക്ഷം |
| എം.എൽ.എ. ഫണ്ട് | 24 ലക്ഷം |
| സർക്കാർ | 50 ലക്ഷം |
| ആകെ | 1 കോടി 12 ലക്ഷം |

## ദീർഘകാല ലക്ഷ്യങ്ങൾ

### രണ്ടാം ഘട്ട വികസന പ്രവർത്തനം

അടുത്ത 5 വർഷത്തിനുള്ളിൽ പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങളാണ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| ഇനം | തുക |
|---|---|
| പ്ലേ ഗ്രൗണ്ട് | 5 ലക്ഷം |
| ലൈബ്രറി റൂം & ലാബ് | 20 ലക്ഷം |
| മെസ്ഹാൾ (40 അടി നീളം) | 12 ലക്ഷം |
| ആധുനിക ജലശുദ്ധീകരണ പ്ലാന്റ് | 1 ലക്ഷം |
| ആകെ | 38 ലക്ഷം |

### സ്രോതസ്സ്

| | |
|---|---|
| മാനേജ്മെന്റ് | 10 ലക്ഷം |
| പി.റ്റി.എ | 2 ലക്ഷം |
| എം.എൽ.എ.ഫണ്ട് | 7,60000 |
| സർക്കാർ | 19 ലക്ഷം |
| ആകെ | 38 ലക്ഷം |

### മൂന്നാം ഘട്ട വികസന പ്രവർത്തനം

അടുത്ത 10 വർഷത്തിനുള്ളിൽ പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങളാണ് മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

| ഇനം | തുക |
|---|---|
| ആഡിറ്റോറിയം (100 അടി നീളം) | 30 ലക്ഷം |
| 9 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്നതിന് | 10 ലക്ഷം |
| ആകെ | 40 ലക്ഷം |

### സ്രോതസ്സ്

| | |
|---|---|
| മാനേജ്മെന്റ് & പി.റ്റി.എ | 10 ലക്ഷം |
| എം.എൽ.എ.ഫണ്ട് | 10 ലക്ഷം |
| സർക്കാർ | 20 ലക്ഷം |
| ആകെ | 40 ലക്ഷം |

## VIII. മോണിറ്ററിംഗ്

### അക്കാദമികം

നിരന്തര വിലയിരുത്തൽ, ക്ലാസ് ടെസ്റ്റുകൾ, ടേം മൂല്യനിർണ്ണയം, ക്ലാസ്സ് പി.ടി.എ. എന്നിവയിലൂടെ പാഠഭാഗവുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് നടത്തുന്നു.

ക്ലാസ്സ് മോണിറ്ററിംഗ് എച്ച്.എം. നിർവ്വഹിക്കുന്നു

### ഭൗതികം

സ്കൂളിൽ നടക്കുന്ന വിവിധ നിർമ്മാണ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് എച്ച്.എം., മാനേജ്മെന്റ്, പി.ടി.എ എന്നിവയുടെ സഹകരണത്തോടെ നടക്കുന്നു..

## അനുബന്ധം

1. 2015 - 16 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | | V | | VI | | VII | | VIII | | XI | | X | | Total | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | B | G | B | G | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 48 | 37 | 44 | 39 | 62 | 43 | 0 | 0 | 0 | 0 | 0 | 0 | 155 | 117 |
| ആകെ | 0 | | 0 | | 0 | | 0 | | 85 | | 83 | | 105 | | 0 | | 0 | | 0 | | 272 | |


2. 2016 - 17 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | | V | | VI | | VII | | VIII | | XI | | X | | Total | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | B | G | B | G | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 42 | 34 | 59 | 41 | 59 | 47 | 0 | 0 | 0 | 0 | 0 | 0 | 160 | 122 |
| ആകെ | 0 | | 0 | | 0 | | 0 | | 76 | | 100 | | 106 | | 0 | | 0 | | 0 | | 282 | |

3. 2017 - 18 അക്കാദമി വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം.

| വിഭാഗം | I | | II | | III | | IV | | V | | VI | | VII | | VIII | | XI | | X | | Total | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | B | G | B | G | B | G | B | G | B | G | B | G |
| കുട്ടികളുടെ എണ്ണം | | | | | | | | | 45 | 33 | 62 | 36 | 60 | 41 | | | | | | | 167 | 110 |
| | | | | | | | | | | | | | | | | | | | | | | |
| ആകെ | | | | | | | | | 78 | | 98 | | 101 | | | | | | | | 277 | |

4. 2015 മുതൽ 2017 വരെയുള്ള അക്കദെമിക വർഷത്തിലെ കുട്ടികളുടെ എണ്ണത്തിലുള്ള വ്യത്യാസം കാണിക്കുന്ന ഗ്രാഫ്



## അനുബന്ധം (4,5,6)

### നല്ലപാഠം പദ്ധതി

കാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ ക്ലാസുകളിലും ചാരിറ്റി ബോക്സ് വെച്ച് കുട്ടികൾ അതിൽ നിക്ഷേപിക്കുന്ന തുക സ്കൂളിലെ തന്നെ നിർദ്ധനരായ കുട്ടികളെ കണ്ടെത്തി ചിലവഴിക്കുന്നതിന് തീരുമാനിച്ചു.

### പരിസ്ഥിതി സംരക്ഷണം

പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി മാലിന്യങ്ങൾ നിക്ഷേപിച്ചിരുന്ന നാഷണൽ ഹൈവേയുടെ വശങ്ങൾ ജെ.സി.ബി. ഉപയോഗിച്ച് വൃത്തിയാക്കി അതിൽ വൃക്ഷത്തൈകൾ നട്ടുവളർത്തുന്നതിന് തീരുമാനിച്ചു.

### ഊർജ്ജസംരക്ഷണം

ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന വൈദ്യുതി ബോർഡും വി.വി.എസ്.ഡി.യു.പി.സ്കൂളും സംയുക്തമായി ചേർന്ന് ഒരു ബോധവൽക്കരണ നാടകം സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. കൂടാതെ കുട്ടികളുടെ വീടുകളിലെ വൈദ്യുതി ഉപയോഗം കുറക്കുവാനായി കറന്റ് ബില്ലുകൾ പരിശോധിക്കുകയും ഏറ്റവും കുറച്ച് വൈദ്യുതി ഉപയോഗിക്കുന്ന കുടുംബത്തിന് സമ്മാനം വാഗ്ദാനം ചെയ്യുന്നു.

### റോഡ് സുരക്ഷ

റോഡ് സുരക്ഷയുടെ ഭാഗമായി കുട്ടികൾക്കും രക്ഷിതാക്കൾക്കും വേണ്ടി ആലപ്പുഴ ട്രാഫിക് പോലീസ് വിഭാഗം വനിതാ സി.ഐ.യുടെ നേതൃത്വത്തിൽ ഒരു ബോധവൽക്കരണ ക്ലാസൊരുക്കി.

### സ്കൂൾ പത്രം

ഓരോ മാസവും നടക്കുന്ന സ്കൂൾ പ്രവർത്തനങ്ങളും കുട്ടികളുടെ സൃഷ്ടികളും ഉൾപ്പെടുത്തി തുടർന്നു വരുന്ന മാസത്തെ ആദ്യത്തെ പ്രവർത്തിദിനത്തിൽ ഓരോ ക്ലാസും പത്രം തയ്യാറാക്കി പ്രകാശനം ചെയ്തുവരുന്നു. ഇതൊരു തുടർ പ്രവർത്തനമാണ്.

### സ്കൂൾ അസംബ്ലി

മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ രാവിലെ അസംബ്ലി. തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ മലയാളവും വ്യാഴം ഹിന്ദിയിലും വെള്ളിയാഴ്ച ഇംഗ്ലീഷിലും അസംബ്ലി നടത്തിവരുന്നു. ക്ലാസ്സിലെ മുഴുവൻ കുട്ടികൾക്കും പങ്കാളിത്തം ലഭിക്കുന്നതിനുവേണ്ടി ഒരാഴ്ച ഒരു ക്ലാസ് എന്ന രീതി തുടർന്നുവരുന്നു.

## ഇംഗ്ലീഷ് കാർണിവൽ

ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നിത്യ ജീവിതത്തിൽ ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന രീതിയിൽ വർഷംതോറും ഇംഗ്ലീഷ് കാർണിവൽ നടത്തിവരുന്നു. ഇതിൽ കുട്ടികൾ രക്ഷിതാക്കളുടെ സഹായത്തോടു കൂടി തയ്യാറാക്കുന്ന ഉൽപ്പന്നങ്ങളുടെ വിൽപ്പന നടത്തുകയും ഈ രീതിയിൽ ലഭിക്കുന്ന തുക കാരുണ്യ പ്രവർത്തനങ്ങൾ വിനിയോഗിക്കുകയും ചെയ്യുന്നു.

## ഇംഗ്ലീഷ് ക്ലബ്ബ്

ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് ഡേ സെലിബ്രേഷൻ, ഇംഗ്ലീഷ് ക്വിസ് എന്നിവ നടത്തപ്പെടുന്നു. കുട്ടികൾ വിവിധ കലാപരിപാടികൾ ഇംഗ്ലീഷിൽ അവതരിപ്പിക്കാറുണ്ട്.

## കണ്ണിമചിമ്മാതെ

രക്ഷിതാക്കളുടെ നിരന്തരമായ ഇടപെടലുകളിലൂടെ കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനുള്ള പരിപാടി. ഒരുദിവസം ഒരോക്ലാസിലേയും ഒരു കുട്ടി എന്ന ക്രമത്തിൽ ഓരോ രക്ഷിതാവുമായി കൂടിക്കാഴ്ച നടത്തി കുട്ടികളുടെ സ്വഭാവ രൂപീകരണവും പഠനനിലവാരവും ഉയർത്തുന്നതിനുവേണ്ടിയുള്ള അഭിപ്രായങ്ങൾ സ്വീകരിച്ചും മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകുകയുംചെയ്യുന്ന ഒരു പദ്ധതിയാണിത്.

## നവരത്ന

സ്കൂൾ വളപ്പിൽ നടപ്പാക്കുന്ന കാർഷിക സൗന്ദര്യവത്ക്കര പരിപാടി. ഒൻപത് ക്ലാസിലെയും കുട്ടികൾക്ക് നവരത്നങ്ങളുടെ പേര് നൽകി ഓരോ സ്ഥലം നിർണ്ണയിച്ച് അതിൽ കുട്ടികളുടേയും രക്ഷിതാക്കളുടേയും അദ്ധ്യാപകരുടേയും പങ്കാളിത്തത്തോടുകൂടി ജൈവ പച്ചക്കറി ഉൽപ്പാദനം നടത്തുക എന്നതാണ് ഈ പദ്ധതി.

## പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം

സ്കൂൾ പരിസരം പ്ലാസ്റ്റിക് വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി കുട്ടികളിൽ ബോധവൽക്കരണം നടത്തുകയും പ്ലാസ്റ്റിക് കടലാസ്സുകൾ സുരക്ഷിതമായി നിർമാർജ്ജനം ചെയ്യുന്നതിനുള്ള ബോധം കുട്ടികളിൽ ഉണ്ടാക്കുക. ഈ പ്രവർത്തനം ഊർജ്ജസ്വലമാക്കുന്നതിന് ഒഴിവു സമയങ്ങളിൽ കുട്ടികൾ തന്നെ കടലാസുകൊണ്ട് ക്യാരിബാഗുകൾ നിർമ്മിക്കുകയും ഇവ സമീപ പ്രദേശങ്ങളിലെ കടകളിൽ നൽകി പ്ലാസ്റ്റിക് വിമുക്ത സന്ദേശം പ്രചരിപ്പിക്കുകയും ചെയ്യുക.

## ഹെൽത്ത് ക്ലബ്ബ്

ഹെൽത്ത് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ പരിസരവും മൂത്രപ്പുരയും വൃത്തിയാക്കു[illegible] വ്യക്തിശുചിത്വം, പരിസരശുചിത്വം, എന്നിവയെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കു[illegible] സ്കൂൾ പരിസരം സമ്പൂർണ്ണ ശുചിത്വം ഉറപ്പുവരുത്തുന്നു.

## ഹിന്ദി ക്ലബ്ബ്

ഹിന്ദി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വായനാമത്സരം, ഹിന്ദി അസംബ്ലി, പതിപ്പനിർമ്മാണം, സുഗമ ഹിന്ദി പരീക്ഷ എന്നിവ നടത്തപ്പെടുന്നു.

## വിദ്യാരംഗം കലാസാഹിത്യവേദി

വിദ്യാരംഗം കലാസാഹിത്യവേദിയുടെ നേതൃത്വത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഓണപതിപ്പ്, ക്രിസ്തമസ് പതിപ്പ് തയ്യാറാക്കി മികച്ച പതിപ്പിന് സമ്മാനം നൽകുന്നു. വായനാമത്സരം, അക്ഷരമുറ്റം ക്വിസ്, കൈരളി വിജ്ഞാന പരീക്ഷ, ദീപിക ടാലന്റ് പരീക്ഷ എന്നിവയിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. എല്ലാദിവസവും ഉച്ചയ്ക്ക് 1.30ന് കാവ്യമഞ്ജരി നടത്തുന്നു.

## ജലശ്രീ ക്ലബ്ബ്

മഴവെള്ളക്കൊയ്ത്ത്. മഴയുള്ളപ്പോൾ പാഴായിപ്പോകുന്ന ജലത്തെ ശേഖരിച്ച് പാത്രങ്ങൾ കഴുകുന്നതിനും ടോയ്‌ലറ്റിലേയ്ക്കും ഉപോയഗിക്കുന്നു. ജലത്തിന്റെ അമിത ഉപയോഗം കുറയ്ക്കാൻ എല്ലാ ക്ലാസ്സുകളിലും ബക്കറ്റിൽ വെള്ളം ശേഖരിച്ച് ഉപയോഗിക്കുന്നു.

## ഗണിത ക്ലബ്ബ്

ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ ആഴ്ചയിൽ ഒരിക്കൽ ഗണിത ക്വിസ് സംഘടിപ്പിക്കാറുണ്ട്. ആറാം ക്ലാസ്സിലെ തെരഞ്ഞെടുത്ത കുട്ടികളെ ന്യൂമാറ്റ്സ് പരീക്ഷയിൽ പങ്കെടുപ്പിക്കാറുണ്ട്. സ്കൂൾതല ഗണിതമേള സംഘടിപ്പിക്കാറുണ്ട്.

## സോഷ്യൽ സയൻസ് ക്ലബ്ബ്

സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ എല്ലാ മാസവും ഗാന്ധിദർശൻ ക്വിസ്സ് നടത്തുന്നു. ദിനാചരണങ്ങൾ നന്നായി ആഘോഷിക്കാറുണ്ട്.

## തപാൽ പെട്ടി

സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു തപാൽപെട്ടിയുടെ പ്രവർത്തനം സുഗമമായി നടക്കുന്നു. പോസ്റ്റ്മാൻ, പോസ്റ്റ്‌വുമൺ എന്നിവർ കത്തുകൾ വിതരണം ചെയ്യുന്നു. ദേശിയ പോസ്റ്റൽ ദിനത്തിൽ കത്തെഴുത്ത് മത്സരങ്ങൾ നടത്താറുണ്ട്.

## ഗാന്ധി ദർശൻ

ഗാന്ധിദർശൻ പരിപാടികൾ സുഗമമായി നടക്കുന്നു. ആഴ്ചയിൽ ഒരിക്കൽ ഗാന്ധി ക്വിമത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കാറുണ്ട്.

## പരാതിപ്പെട്ടി

കുട്ടികളുടെ പ്രശ്നങ്ങൾ രഹസ്യമായി കൈകാര്യം ചെയ്യുന്നതിന് പരാതിപ്പെട്ടി പ്രവർത്തിച്ചുവരുന്നു. കുട്ടികൾ അവർക്ക് നേരിട്ട് പറയുവാൻ പറ്റാത്തകാര്യങ്ങൾ പരാതിപ്പെട്ടിയിൽ നിക്ഷേപിക്കുകയും അവ പരിശോധിച്ച് പരിഹാരം കാണുകയും ചെയ്യുന്നു.

അച്ചടക്കം

രണ്ട് അധ്യാപകരെ വീതം പ്രവർത്തി ദിവസങ്ങളിൽ 9 മണി മുതൽ 5 മണി വരെ കുട്ടികളെ നിരീക്ഷിക്കുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നു.

ഔഷധത്തോട്ടം

സ്കൂൾ വളപ്പിൽ വിപുലമായ ഔഷധത്തോട്ടം നിർമ്മിക്കുവാൻ തീരുമാനമെടുത്തു.

നക്ഷത്രവനം പദ്ധതി

കുട്ടികളുടേയും അധ്യാപകരുടേയും ജന്മനക്ഷത്രത്തിലുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയ്ക്ക് തുടക്കമിട്ടുകഴിഞ്ഞു.

മറ്റു പ്രവർത്തനങ്ങൾ

ഹൈവേ വികസനത്തിന്റെ ഭാഗമായി സ്കൂൾ കെട്ടിടം മാറ്റി സ്ഥാപിക്കുന്നതിനുള്ള ആലോചന, കുട്ടികൾക്ക് സൈക്കിൾ ഷെഡ് , ശുദ്ധജല ലഭ്യതയ്ക്കുവേണ്ടി മഴവെള്ള സംഭരണിയുടെ അറ്റകുറ്റപണി, മാലിന്യം വലിച്ചെറിയാതിരിക്കാൻ ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കൽ, സ്കൂൾ വളപ്പിലെ ഉപയോഗ ശൂന്യമായി കിടക്കുന്ന കിണർ വൃത്തിയാക്കുക, പാചകപ്പുരയുടെ നവീകരണം എന്നിവയാണ്.

കാവ്യമഞ്ജരി

കുട്ടികളിലെ കാവ്യ ആസ്വാദനശേഷി പരിപോഷിപ്പിക്കുന്നതിനായി ദിവസവും 1.30ന് വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ കാവ്യമഞ്ജരി എന്ന പരിപാടി നടത്തിവരുന്നു.

സയൻസ് ക്ലബ്ബ്

കുട്ടികളുടെ ഗവേഷണശേഷി വികസിപ്പിക്കുന്നതിനായി നിരവധി പരീക്ഷണങ്ങൾ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു.

# വാർഷിക കലണ്ടർ 2017 – 18

## ജൂൺ

| | |
|---|---|
| 7 | പ്രവേശനോത്സവം, എസ്.ആർ.ജി |
| 5 | ലോകപരിസ്ഥിതിദിനം |
| 12 | ലോക ബാലവേലവിരുദ്ധദിനം |
| 13 | എസ്.ആർ.ജി |
| 19 | വായനാദിനം |
| 20 | എസ്.ആർ.ജി |
| 26 | ലോക മയക്കുമരുന്ന് വിരുദ്ധദിനം |
| 27 | എസ്.ആർ.ജി |

## ജൂലൈ

| | |
|---|---|
| 5 | വൈക്കം മുഹമ്മദ് ബഷീർ ചരമദിനം |
| 11 | ലോക ജനസംഖ്യാദിനം, എസ്.ആർ.ജി |
| 21 | ചാന്ദ്രദിനം |
| 25 | എസ്.ആർ.ജി |
| 26 | അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധദിനം |
| 31 | പി.റ്റി.എ പൊതുയോഗം |

## ആഗസ്റ്റ്

| | |
|---|---|
| 6 | ഹിരോഷിമദിനം |
| 7 | സൗഹൃദദിനം |
| 8 | എസ്.ആർ.ജി |
| 9 | നാഗസാക്കിദിനം, ക്വിറ്റ് ഇൻഡ്യാദിനം |
| 15 | സ്വാതന്ത്ര്യദിനം |
| 22 | എസ്.ആർ.ജി |
| 26 | ഓണാഘോഷം |

## സെപ്റ്റംബർ

| | |
|---|---|
| 5 | അദ്ധ്യാപകദിനം |
| 12 | എസ്.ആർ.ജി |
| 14 | ഹിന്ദി ദിനം |
| 16 | ഓസോൺ ദിനം |
| 19 | എസ്.ആർ.ജി |
| 20 | ഐക്യരാഷ്ട്ര സമാധാനദിനം |
| 24 | ലോക ഹൃദയദിനം |
| 26 | ലോക ബധിരദിനം, എസ്.ആർ.ജി, സി.പി.റ്റി.എ |
| 27 | ലോക വിനോദസഞ്ചാരദിനം |

## ഒക്ടോബർ

| | |
|---|---|
| 1 | ലോക വൃദ്ധദിനം, ദേശീയരക്തദാന ദിനം |
| 2 | ഗാന്ധിജയന്തി |
| 9 | ലോക തപാൽദിനം |
| 10 | ദേശീയ പോസ്റ്റൽദിനം, എസ്.ആർ.ജി |
| 11 | പുകയില വിരുദ്ധദിനം |
| 17 | എസ്.ആർ.ജി |
| 31 | ഇന്ദിരാഗാന്ധി ചരമദിനം, എസ്.ആർ.ജി |

## നവംബർ

| | |
|---|---|
| 1 | കേരളപ്പിറവി |
| 7 | എസ്.ആർ.ജി |
| 11 | വിദ്യാഭ്യാസദിനം, ദേശീയ പതാകദിനം |
| 14 | ശിശുദിനം |
| 17 | രക്ഷാകർതൃസമ്മേളനം |
| 21 | എസ്.ആർ.ജി |
| 28 | എസ്.ആർ.ജി |

## ഡിസംബർ

| | |
|---|---|
| 2 | ഭോപ്പാൽ വാതക ദുരന്തദിനം |
| 7 | സായുധസേന പതാകദിനം |
| 10 | മനുഷ്യാവകാശദിനം |
| 18 | ക്രിസ്തുമസ് ആഘോഷം |

## ജനുവരി

| | |
|---|---|
| 1 | പുതുവത്സരാഘോഷം |
| 6 | ഗണിതോത്സവം, സഹായഹസ്തം |
| 9 | സി.പി.റ്റി.എ |
| 14 | ബാലശാസ്ത്രകോൺഗ്രസ്സ് |
| 15 | ഇംഗ്ലീഷ് കാർണിവൽ |
| 16 | എസ്.ആർ.ജി |
| 26 | റിപ്പബ്ലിക് ദിനം |
| 30 | രക്തസാക്ഷിദിനം |

## ഫെബ്രുവരി

| | |
|---|---|
| 2 | തണ്ണീർതടദിനം |
| 6 | എസ്.ആർ.ജി |
| 16 | വിനോദയാത്ര |
| 27 | എസ്.ആർ.ജി |
| 28 | ദേശീയ ശാസ്ത്രദിനം |

## മാർച്ച്

| | |
|---|---|
| 6 | എസ്.ആർ.ജി |
| 8 | അന്താരാഷ്ട്ര വനിതാദിനം |
| 12 | വാർഷികം |
| 18 | സി.പി.റ്റി.എ |
| 22 | ജലദിനം |

എല്ലാമാസവും ആദ്യ പ്രവർത്തി ദിവസം ഓരോ ക്ലാസ്സുകളുടെ പത്രപ്രകാശനം നടന്നുവരുന്നു.

# വി വി എസ് ഡി യു പി സ്കൂൾ
# സൗത്ത് ആര്യാട്
# പാതിരപ്പള്ളി

## കനവ്

## അക്കാദമിക മാസ്റ്റർ പ്ലാൻ

## രണ്ടാം ഘട്ടം

ഭാഷാവിഷയങ്ങൾ - മലയാളം

| നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ | പ്രതീക്ഷിക്കുന്ന ചെലവ് | കാലം |
| --- | --- | --- | --- |
| 1. സ്കൂൾ പത്രം, ദിനാചരണങ്ങളോട് അനുബന്ധിച്ചുള്ള പതിപ്പുകൾ - ഇവ പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നു. | കുട്ടികൾ | 5000 | എല്ലാ മാസവും |
| സംവാദം | | | പാഠഭാഗവുമായി ബന്ധപ്പെട്ട് |
| അനുസ്മരണ ചടങ്ങുകൾ സംഘടിപ്പിക്കൽ | " | 2000 | " |
| സാഹിത്യകാരന്മാരുടെ ഓർമദിനത്തിൽ അവരുടെ ചിത്രം വരയ്ക്കൽ. | | 1000 | പാഠഭാഗവുമായി ബന്ധപ്പെട്ട് |
| ദിനാചരണങ്ങളിലും ക്ലാസ്റൂം പ്രവർത്തനങ്ങളിലും ഭിന്നശേഷിക്കാരുടെ പങ്കാളിത്തം ഉറപ്പാക്കൽ [പ്രച്ഛന്നവേഷം, അഭിനയം, ചിത്രരചന] | " | 1000 | " |
| മധുരമീ മലയാളം | | 1000 | June to March |

ഭാഷാവിഷയങ്ങൾ - ഇംഗ്ലീഷ്.

| നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ | പ്രതീക്ഷിക്കുന്നചെലവ് | കാലം |
|---|---|---|---|
| 1. For CWSN students. | | | |
| Magazine making with theme based picture (unit wise) | | 3000 | Term wise |
| Household chores-challenge. | Students | | Unit based |
| Presentation through whatsapp. | | | " |
| Model making. (violin, gitar,) | | 3000 | " |
| games. | | | " |
| Story Time (Reading moral stories) | Students | 1000 | June to march |
| ഭാഷാവിഷയങ്ങൾ - ഹിന്ദി: | | | |
| റീഡിങ് കാർഡ് തയ്യാറാക്കൽ | കുട്ടികൾ | 2000 | Term wise |

സാമൂഹ്യശാസ്ത്രം.

| നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ | പ്രതീക്ഷിക്കുന്ന ചെലവ് | കാലം |
|---|---|---|---|
| 1. ചരിത്രസ്മാരകങ്ങളെ കുറിച്ച് ആഴത്തിൽ അവഗാഹം ഉണ്ടാക്കാൻ Field trip. | കുട്ടികൾ | 3000 | പാഠഭാഗവുമായി ബന്ധപ്പെട്ട് |
| 2. പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് മിതവ്യയശീലം പരിശീലിക്കുന്നതിന് വേണ്ടി എല്ലാ കുട്ടികൾക്കും സേവിങ്ങ് ബോക്സ്. | കുട്ടികൾ | 1800. | അധ്യയന വർഷം മുഴുവൻ |
| 3. ഭരണഘടനയെ പറ്റിയും നിയമങ്ങളെപ്പറ്റിയും കുട്ടികൾക്ക് വിവരങ്ങൾ നൽകുന്നതിന് വേണ്ടി വിദഗ്ധരുടെ ക്ലാസ്സ് | " | 1500 | പാഠഭാഗവുമായി ബന്ധപ്പെട്ട് |
| 4. പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളെ പരിചയപ്പെടുത്തുന്നതിന് ഫാക്ടറി സന്ദർശനം | " | 3000 | പാഠഭാഗവുമായി ബന്ധപ്പെട്ട് |
| 5. ചരിത്ര മ്യൂസിയം സന്ദർശനം | " | 10000 | വർഷത്തിൽ ഒന്ന് |

ശാസ്ത്രം.

| നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ | ഗുണഭോക്താക്കൾ | പ്രതീക്ഷിക്കുന്നചെലവ് | കാലം |
|---|---|---|---|
| 1. ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | കുട്ടികൾ | 5000 | Term wise |
| ഗണിതം. | | | |
| 1. എല്ലാമാസവും ഗണിത വിദഗ്ധരുടെ ക്ലാസ്സുകൾ | കുട്ടികൾ | 10000 | എല്ലാ മാസവും |
| 2. ജ്യാമിതീയ പാറ്റേൺ പരിശീലനം | " | 5000 | |